Exhi - R1(9) MoA (1) DOC-5

KERALA

10 Rs.

दस रुपये

सत्यमेव जयते

भारत

INDIA

१०रु. TEN RUPEES 10Rs.

രജി.നമ്പർ. T. 647/1997

മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ

1.) സംഘത്തിന്റെ പേര്: Mother india international Residencial public school - Avanavanchery. (po)

2) മേൽവിലാസം: Avanavanchery (po)

[illegible]: Avanavanchery. (po)

3. പ്രവർത്തനപരിധി: Trivandrum District

22.1.04

2500000
250000
2750000
28,30000
2500000
0330000

## ~~മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ~~

~~1. സംഘത്തിന്റെ പേര്~~

~~2. മേൽവിലാസം :~~

~~പോസ്റ്റാഫീസിന്റെ പേര് :~~

~~3. അധികാരാതിർത്തി :~~

4. **ഉദ്ദേശങ്ങൾ :**

1 അംഗങ്ങളുടെ ഇടയിൽ സമത്വവും സാഹോദര്യവും ഏർപ്പെടുത്തുക.

2 അംഗങ്ങളുടെ സാമ്പത്തികവും, സാംസ്കാരികവും, സാമൂഹികവുമായ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുക.

3 തൊഴിൽ രഹിതരായ അംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക, തൊഴിൽ സൗകര്യം ഉണ്ടാക്കികൊടുക്കുക.

4. സാഹിത്യാഭിവൃദ്ധിക്കുവേണ്ടി വായനശാല, ഗ്രന്ഥശാല. ചർച്ചാ ക്ലാസ്സുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ ഏർപ്പെടുത്തുക.

5 വിദ്യാഭ്യാസമില്ലാത്തവർക്കുവേണ്ടി സ്റ്റഡീക്ലാസ്സുകൾ ഏർപ്പെടുത്തുക.

6 നാടിന്റെ നൻമയ്ക്കുവേണ്ടി ഐക്യത്തോടുകൂടി സാമൂഹികസേവനം നടത്തുക, സാധുക്കളായ ജനങ്ങളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുക.

7 ആതുരശാലകളും, അനാഥശാലകളും നടത്തുക.

8 അംഗങ്ങളുടെ കലാഭിരുചി വളർത്തുക, സംഗീതം, ചിത്രമെഴുത്ത്, നാടകം, ഡാൻസ്, ഫോട്ടോഗ്രാഫി മറ്റ് സുകുമാര കലകൾ, കഥകളി, ഓട്ടൻതുള്ളൽ, കഥാപ്രസംഗം മുതലായവയുടെ അഭിവൃദ്ധിക്കുവേണ്ടി സൗകര്യങ്ങൾ ഏർപ്പെടുത്തുക.

9 അംഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് ജിംഖാന, യോഗാഭ്യാസ ക്ലാസ്സുകൾ സ്പോർട്സ് ഇവ നടത്തുക.

10 ശാസ്ത്രീയമായ രീതിയിൽ തൊഴിൽ, കൃഷി, ഇവ നടത്തുന്നതിനുവേണ്ട സ്റ്റഡീക്ലാസ്സുകൾ, ശാസ്ത്രപഠനം ഇവ നടത്തുക. ഗവേഷണങ്ങൾ നടത്തുന്നതിന് സ്ഥാപനങ്ങൾ നടത്തുക.

11 ചിത്രങ്ങൾ മറ്റ് കലാപരമായ പണികൾ, പ്രകൃതി ചരിത്രപരമായ സംഭരണങ്ങൾ യാന്ത്രികവും, താത്വീകവുമായ കണ്ടുപിടിത്തങ്ങൾ ഉപകരണങ്ങൾ അഥവാ ഉൽപ്പന്നങ്ങൾ ഇവ പ്രദർശിപ്പിക്കുന്ന മ്യൂസിയം ഗ്യാലറി ഇവയുടെ സ്ഥാപനത്തിനും സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുക.

അവരുടെ സംഘടനകൾക്ക്/ സമിതികൾക്ക് യുക്തമെന്നുതോന്നുന്ന ഉദ്ദേശങ്ങൾ മറ്റുവല്ലവയും ഉണ്ടെങ്കിൽ അവയും ചേർക്കാവുന്നതാണ്

(തുടർച്ച 2)

(3)

141

SEAL OF THE REGISTRAR OF SOCIETIES TRIVANDRUM

# ഡിക്ലറേഷൻ

വർഷം 1997 മാസം 6/[illegible] തീയതി 10-10

കൂടിയ പൊതുയോഗ തീരുമാനപ്രകാരം ഈ സംഘം/സമാജം 1955- ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ - ശാസ്ത്ര ധാർമ്മിക സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ചുള്ള ഒരു സംഘമായി/സമാജമായി രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. ആയതിലേയ്ക്ക് ഭാരമേൽപ്പിക്കപ്പെട്ട ഭരണസമിതി അംഗങ്ങളുടെ പേരും ഒപ്പും.

| | പേര് | മേൽവിലാസം | തൊഴിൽ | ഒപ്പ് |
|---|---|---|---|---|
| 1 | S. sudin. | No-1. sauhy Laurie Baker's, Housing colany, Avanavanchery | Enginear | sd/- |
| 2 | L. Sindu. | plavilaveedu. pulloormuku. Kallampalam (po) | Civil Deploma | sd/- |
| 3 | Joy Baskar, | Jessy Hut Sivagiri Road. varkala. | Advocate | sd/- |
| 4 | Sreedharan. | PSD Building Kizhattingal-(po) | Business | sd/- |
| 5 | Radhakrishnan, | Nettara veedu Veeralam, Attingal. | Business | sd/- |
| 6 | prakash, | prakash nandinam Kizhattingal. (po), Attingal | Drivar | sd/- |
| 7 | suseela prakash. | Madathil Veedu Kizhattingal. (po) Attingal | Bank employe | sd/- |

sd/-

140

സംഘത്തിന്റെ /സമാജത്തിന്റെ നിബന്ധനകൾ:

1 സംഘത്തിന്റെ പേര് : Malhen India International Residencial public school

2 മേൽവിലാസം : Avanavanchery. (PO)

SEAL OF THE REGISTRAR OF SOCIETIES TRIVANDRUM

ഡിസ്ട്രിക്ട് : Trivandrum

താലൂക്ക് : chirayinkil

പഞ്ചായത്ത് : Attingal

വില്ലേജ് : Avanavanchery

3 ആഫീസ് : Avanavanchery

4. **പ്രവർത്തന പരിധി** Trivandrum Distric

5. **ഉദ്ദേശങ്ങൾ**

1. അംഗങ്ങളുടെ ഇടയിൽ സമത്വവും സാഹോദര്യവും ഏർപ്പെടുത്തുക.
2. അംഗങ്ങളുടെ സാമ്പത്തികവും, സാംസ്കാരികവും, സാമൂഹികവുമായ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുക.
3. തൊഴിൽ രഹിതരായ അംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക, തൊഴിൽസൗകര്യം ഉണ്ടാക്കികൊടുക്കുക.
4. സാഹിത്യാഭിവൃദ്ധിക്കുവേണ്ടി വായനശാല, ഗ്രന്ഥശാല, ചർച്ചാക്ലാസ്സുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ ഏർപ്പെടുത്തുക.
5. വിദ്യാഭ്യാസമില്ലാത്തവർക്കുവേണ്ടി സ്റ്റഡീക്ലാസ്സുകൾ ഏർപ്പെടുത്തുക.
6. നാടിന്റെ നന്മയ്ക്കുവേണ്ടി ഐക്യത്തോടുകൂടി സാമൂഹ്യസേവനം നടത്തുക, സാധുക്കളായ ജനങ്ങളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുക.
7. ആതുരശാലകളും, അനാഥശാലകളും നടത്തുക.
8. അംഗങ്ങളുടെ കലാഭിരുചി വളർത്തുക, സംഗീതം, ചിത്രമെഴുത്ത്, നാടകം, ഡാൻസ്, ഫോട്ടോഗ്രാഫി കഥകളി, ഓട്ടൻതുള്ളൽ, കഥാപ്രസംഗം മുതലായവയുടെ അഭിവൃദ്ധിക്കുവേണ്ടി സൗകര്യങ്ങൾ ഏർപ്പെടുത്തുക.
9. അംഗങ്ങളിടെ ആരോഗ്യസംരക്ഷണത്തിന് യോഗാഭ്യാസങ്ങൾ സ്പോർട്ട്സുകൾ ഇവ നടത്തുക.
10. ശാസ്ത്രീയ രീതിയിൽ തൊഴിൽ, കൃഷി ഇവ നടത്തുന്നതിനുവേണ്ട സ്റ്റഡീക്ലാസ്സുകൾ, ശാസ്ത്രപഠനം ഇവ നടത്തുക.
11. ചിത്രങ്ങൾ, മറ്റ് കലാപരമായ പണികൾ, പ്രകൃതി ചരിത്രപരമായ സംഭരണങ്ങൾ യാന്ത്രികവും താത്വീകവുമായ കണ്ടുപിടിത്തങ്ങൾ ഉപകരണങ്ങൾ അഥവാ ഉൽപ്പന്നങ്ങൾ ഇവ പ്രദർശിപ്പിക്കുന്ന മ്യൂസിയം ഗ്യാലറി ഇവയുടെ സ്ഥാപനത്തിനും സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുക

കൂടാതെ അവരുടെ സംഘടനകൾക്ക്/സമിതികൾക്ക് യുക്തമെന്നുതോന്നുന്ന ഉദ്ദേശ്യങ്ങൾ മറ്റുവല്ല വയും ഉണ്ടെങ്കിൽ അവയും ചേർക്കാവുന്നതാണ്.

6. അംഗത്വം

18 വയസിനുമേൽ പ്രായമുള്ള ഏവർക്കും സംഘനിബന്ധനകൾ അനുസരിച്ച് പ്രവർത്തിക്കാൻ സമ്മതമുള്ളവർക്കും ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി അംഗമായി ചേരാവുന്നതാണ്.

7. പ്രവേശനം

1. അംഗമായി ചേരണമെന്നുള്ളവർ ആയതിലേയ്ക്കുള്ള അപേക്ഷാ ഫാറത്തിൽ എഴുതി ഒപ്പിട്ട്....-/-/-... പൈസ പ്രവേശന ഫീസും മാസവരിയും ഒടുക്കേണ്ടതാണ്. തുടർന്നുള്ള മാസവരി ഓരോ ഇംഗ്ലീഷ് മാസത്തിലും....-/-/-...............ാം തീയതിക്ക് മുമ്പ് അടച്ചിരിക്കേണ്ടതാണ്.
2. മൂന്നുമാസം കുടിശ്ശിക വരുത്തുന്നവരെ സംഘത്തിൽ നിന്നും നീക്കം ചെയ്യുന്നതാണ്. അവർക്ക് വോട്ടവകാശവും മറ്റ് അംഗങ്ങളെപ്പോലെ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.
3. മാസക്കുടിശ്ശിക ഒന്നായി അടച്ചുതീർക്കുകയാണെങ്കിൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി വീണ്ടും അംഗമായി തുടരാവുന്നതാണ്.

8. പ്രവേശന രജിസ്റ്റർ

1 അംഗമായി ചേരുന്നവർ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ അഡ്മിഷൻ രജിസ്റ്ററിൽ ഒപ്പി ടേണ്ടതാണ്.

2 അംഗത്വത്തിൽ നിന്നും നീക്കം ചെയ്യപ്പെടുമ്പോൾ ആ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണ്.

9. അംഗത്വം ഇല്ലാതാക്കുക

1 സ്വയം രേഖാമൂലം രാജി അപേക്ഷ സമർപ്പിക്കുകയും ആയത് ഭരണസമിതി അംഗീകരിക്കുകയും വേണം.

2. സംഘം നിബന്ധനകൾക്കും, താല്പര്യങ്ങൾക്കും, നയത്തിനും വിരുദ്ധമായി പ്രവർത്തിക്കുക, അത്തരം കാര്യങ്ങളിൽ ഭരണസമിതി രേഖാമൂലം ഷോക്കേസ് നോട്ടീസ് കൊടുക്കേണ്ടതും ഒരാഴ്ചയ്ക്കകം തക്കതായ സമാധാനം നൽകാതിരിക്കുകയോ മേൽപ്പറഞ്ഞ സമാധാനം നൽകുകയാണെങ്കിൽ ആയതും ഭരണസമിതി പരിശോധിച്ച് സംഘനിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു എന്ന് ബോദ്ധ്യമാവു കയോ ചെയ്യുന്നപക്ഷം നീക്കം ചെയ്യാവുന്നതാണ്.

3. മൂന്നുമാസത്തിനുമേൽ കുടിശ്ശിഖ വരുത്തുകയാണെങ്കിൽ.

4. മരണം സംഭവിക്കുകയാണെങ്കിൽ.

10. പ്രവർത്തനം

പ്രവേശനഫീസ്, മാസവരി, സംഭാവനകൾ, ഗവൺമെന്റിൽ നിന്നോ മറ്റ് സഹായസ്ഥാപനങ്ങളിൽ നിന്നോ ലഭിക്കുന്ന ഗ്രാന്റുകൾ, വായ്പകൾ സംഘത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നും കിട്ടുന്ന ആദായങ്ങൾ ഇവ മുതൽക്കൂട്ടുന്നതാണ്.

(തുടർച്ച 3)

യാഗം

1. പ്രവേശന രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ളവരെ എല്ലാം പൊതുയോഗത്തിലെ അംഗങ്ങളായി കണക്കാക്കുന്നതാണ്.

2. ഓരോ അംഗത്തിനും വോട്ടവകാശം ഉണ്ടായിരിക്കും

3. പൊതുയോഗം ആണ്ടിൽ രണ്ടുതവണയെങ്കിലും കൂടേണ്ടതാണ്.

4. ഓരോ കലണ്ടർ വർഷവും സംഘത്തിന്റെ ഒരു വർഷമായിരിക്കുന്നതാണ്.

5. വാർഷിക പൊതുയോഗം ഓരോ ആണ്ടിലും ഡിസംബർ 3-ാം തീയതിക്കു മുമ്പ് കൂടേണ്ടതാണ്.

6. വാർഷിക പൊതുയോഗത്തിൽ വാർഷിക വരവ് ചെലവ് കണക്കുകളും ബാക്കി പത്രവും ബഡ്ജറ്റും അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്.

7. പൊതുയോഗത്തിന് കോറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ടുഭാഗമോ ..............................ഏതാണ് കുറവ് അതായിരിക്കും.

8. പൊതുയോഗത്തിന് കുറഞ്ഞത് പത്തുദിവസം മുൻപായി കാര്യപരിപാടി സഹിതം സെക്രട്ടറി നോട്ടീസ് നൽകിയിരിക്കേണ്ടതാണ്.

9. പൊതുയോഗത്തിൽ നിന്നും സംഘം ഭരണം നടത്തുന്നതിന് .................... പേർ ഉൾപ്പെടെ ഒരു ഭരണസമിതിയെ തെരഞ്ഞെടുക്കേണ്ടതാണ്. വേണ്ടിവന്നാൽ രഹസ്യ ബാലറ്റ് മുഖേനയും ആകാവുന്നതാണ്.

10. എല്ലാ പൊതുയോഗങ്ങളിലും ഹാജരാകേണ്ടത് അംഗങ്ങളുടെ കടമയാണ്.

11. സാധാരണ പരിതസ്ഥിതിയിൽ ഇരുപത്തിയഞ്ചോ അതിലധികമോ അംഗങ്ങളുടെ രേഖാമൂലമായ അപേക്ഷപ്രകാരം അവർ ആവശ്യപ്പെടുകയാണെങ്കിൽ സെക്രട്ടറി വിശേഷാൽ പൊതുയോഗം വിളിച്ചുകൂട്ടാവുന്നതാണ്. അപ്രകാരം ചെയ്യാത്ത പക്ഷം പ്രസ്തുത അംഗങ്ങൾക്കു തന്നെ പൊതുയോഗം വിളിച്ചു കൂട്ടി കാര്യങ്ങൾ തീരുമാനിക്കാവുന്നതാണ്.

12. സംഘം നിബന്ധനകളിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയാണെങ്കിൽ കുറഞ്ഞത് പത്തു ദിവസത്തിന് മുമ്പ് നോട്ടീസ് സെക്രട്ടറി കൊടുത്തിരിക്കേണ്ടതും അപ്രകാരം കൂടുന്ന പൊതുയോഗത്തിൽ ഹാജരാകുന്ന അംഗങ്ങളുടെ നാലിൽ മൂന്നുഭാഗം അംഗങ്ങളെങ്കിലും ഭേദഗതിയനുസരിച്ച് പാസാക്കേണ്ടതും അല്ലാത്തവ അസാധുവും ആകുന്നു. പാസാക്കപ്പെട്ട ഭേദഗതിയുടെ ഒരു ശരിപകർപ്പ് ഭരണസമിതിയിലെ മൂന്ന് അംഗങ്ങൾ ഒപ്പിട്ട് പൊതുയോഗ തീയതി മുതൽ 14 ദിവസത്തിനകം ജില്ലാ രജിസ്ട്രാറാഫീസിൽ ഹാജരാക്കേണ്ടതാണ്.

13. സംഘത്തിന്റെ ബാക്കി പത്രവും വരവ് ചെലവ് കണക്കും ആദ്യത്തെ പ്രാവശ്യത്തേതാണെങ്കിൽ പൊതുയോഗത്തിൽ നിന്നും നിയമിക്കുന്ന ആഡിറ്ററായാലും പരിശോധിക്കപ്പെടേണ്ടതാണ്.

14. സംഘം ഭരണസമിതിയിലേക്കുള്ള സകല കാര്യങ്ങളുടേയും പരമാധികാരം പൊതുയോഗത്തിനാണ്.

15. പൊതുയോഗം അംഗീകരിക്കുന്ന സകല നയപരിപാടികളും പദ്ധതികളും നടപ്പിൽ വരുത്തേണ്ടത് ഭരണസമിതിയുടെ ചുമതലയാണ്.

(തുടർച്ച 4)

16. ഏതെങ്കിലും ഭരണസമിതി അംഗമോ, ഭരണസമിതി അംഗങ്ങളോ, ഭരണസമിതിയോ സംഘത്തിന്റെ നിലനിൽപ്പിന് ഹാനികരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ പിരിച്ചുവിടാൻ പൊതുയോഗത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. സംഘംവക മുതലുകൾ കളവുപോവുകയോ, കാണാതാവുകയോ, ഈടാക്കാൻ നിവൃത്തിയില്ലാതെ വരുകയോ ചെയ്താൽ അവയെ സംബന്ധിച്ച് അന്തിമതീരുമാനം എടുക്കുന്നതിന് പൊതുയോഗത്തിന് മാത്രമേ അധികാരം ഉണ്ടായിരിക്കുകയുള്ളൂ.

## 12. ഭരണം

1. പൊതുയോഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ..................... പേർ ഉൾപ്പെട്ട ഒരു ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

2. അവരിൽ നിന്നും താഴെപറയുന്ന ഔദ്യോഗിക അംഗങ്ങളെ ഭൂരിപക്ഷ വോട്ടിന്റെ അടിസ്ഥാനത്തിൽ ഭരണകക്ഷി അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.

   1) പ്രസിഡന്റ് 2) വൈസ് പ്രസിഡന്റ് 3) സെക്രട്ടറി 4) ജോയിന്റ് സെക്രട്ടറി 5) ഖജാൻജി.

3. ഭരണസമിതിയുടെ കോറം 7 ആയിരിക്കും.

4. ഭരണസമിതിയുടെ കാലാവധി ഒരു കൊല്ലമായിരിക്കും.

5. പുതിയ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് അവർ ചാർജ്ജെടുക്കുന്നതുവരെ പഴയ ഭരണസമിതി അധികാരത്തിൽ തുടരുന്നതാണ്.

6. പൊതുയോഗ തീയതി മുതൽ 14 ദിവസത്തിനകം ഭരണസമിതി അംഗങ്ങളുടെ ലിസ്റ്റ് ജില്ലാ രജിസ്ട്രാറാഫീസിൽ ഫയൽ ചെയ്യേണ്ടതാണ്.

7. ഭരണസമിതിയിൽ ഉണ്ടാകുന്ന ഇടക്കാല ഒഴിവുകളിലേക്ക് വേറെ അംഗങ്ങളെ നോമിനേറ്റ് ചെയ്യാൻ പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയത് ഭരണസമിതി അംഗീകരിക്കേണ്ടതാണ്.

8. തുടർച്ചയായി 3 ഭരണസമിതി യോഗങ്ങളിൽ തക്കതായ കാരണം കൂടാതെ ഹാജരാകാത്ത ഭരണസമിതി അംഗങ്ങളെ ഭരണസമിതിയിൽ നിന്നും നീക്കം ചെയ്യുന്നതാണ്. തക്കതായ കാരണമുണ്ടെന്ന് ഭരണസമിതിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം അംഗത്തെ വീണ്ടും തുടരാൻ അനുവദിക്കുന്നതാണ്.

9. ഏതെങ്കിലും ഭരണസമിതി അംഗീകരിച്ചാൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. അയാൾക്ക് സംഘത്തിൽ യാതൊരു കടബാദ്ധ്യതകളും ഉണ്ടായിരിക്കാൻ പാടില്ല.

10. പ്രസിഡന്റ് രാജിവയ്ക്കുകയാണെങ്കിൽ താൽക്കാലികമായി വൈസ് പ്രസിഡന്റിനെ ചാർജ്ജ് ഏൽപ്പിക്കേണ്ടതും ഭരണസമിതി രാജി സ്വീകരിക്കേണ്ടതുമാണ്. സംഘത്തിൽ യാതൊരു കടബാദ്ധ്യതകളും പ്രസിഡന്റിന് ഇല്ലാതിരിക്കുകയും ചെയ്താൽ മാത്രമേ രാജി നടപ്പിൽ വരികയുള്ളൂ. അടുത്തു കൂടുന്ന ഭരണസമിതി യോഗം പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതാണ്.

11. ഏതെങ്കിലും കാരണവശാൽ ഭരണസമിതിയിലെ ഭൂരിപക്ഷം അംഗങ്ങളും രാജിവയ്ക്കുകയാണെങ്കിൽ സെക്രട്ടറി ഉടൻതന്നെ ഒരു വിശേഷാൽ പൊതുയോഗം വിളിച്ചുകൂട്ടി പുതിയ ഭരണസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

(തുടർച്ച 5)

ഭരണസമിതി മാസത്തിൽ രണ്ടുതവണയെങ്കിലും കൂടേണ്ടതാണ്.

13. ഓരോ മാസത്തിലും ആദ്യത്തെ ഭരണസമിതി യോഗത്തിൽ മുൻമാസാവസാനം വരെയുള്ള വരവു ചെലവു കണക്കുകളും വൗച്ചറുകളും രസീതുകളും ഭരണസമിതി പരിശോധിക്കേണ്ടതും ശരിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രം അവ പാസ്സാക്കി ഒപ്പിടേണ്ടതുമാകുന്നു. ഏതെങ്കിലും വ്യത്യാസം കാണുന്നപക്ഷം അതിന് കാരണക്കാരായ ഉദ്യോഗസ്ഥന്മാരോട് സമാധാനം ആവശ്യപ്പെടേണ്ടതും അവരിൽനിന്നും വല്ല തുകയും ഈടാക്കാനുണ്ടെന്നു കാണുന്നപക്ഷം ആ തുക ഈടാക്കാനുള്ള നടപടി ഉടൻ നടത്തേണ്ടതുമാകുന്നു.

14. വാർഷിക ബാക്കിപത്രവും വരവുചെലവു കണക്കുകളും ആദ്യത്തെ പ്രാവശ്യത്തേതാണെങ്കിൽ ഭരണസമിതി നിയമിക്കുന്ന ആഡിറ്ററെക്കൊണ്ടും പരിശോധിപ്പിക്കേണ്ടതാണ്.

15. ഓരോ ആണ്ടും വാർഷിക പൊതുയോഗം കഴിഞ്ഞാൽ ഉടൻതന്നെ ആ തീയതി മുതൽ 21 ദിവസത്തിനകം പാസാക്കപ്പെട്ട വരവുചെലവു കണക്കുകളുടെയും ബാക്കിപത്രത്തിന്റെയും ഒരു ശരിപകർപ്പ് ഭരണസമിതി അംഗങ്ങളിൽ രണ്ടുപേരെങ്കിലും ഒപ്പിട്ട് ജില്ലാ രജിസ്ട്രാറാഫീസിൽ ഹാജരാക്കേണ്ടതാണ്.

16. ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ പൊതുയോഗ തീയതി മുതൽ 14 ദിവസത്തിനകം സമിതിയുടെ ലിസ്റ്റ് ജില്ലാ രജിസ്ട്രാഫീസിൽ ഹാജരാക്കേണ്ടതാണ്.

17. ഏതെങ്കിലും കാര്യങ്ങൾക്ക് സബ് കമ്മിറ്റി രൂപീകരിക്കേണ്ടി വന്നാൽ ഓരോ സബ് കമ്മിറ്റിയുടെ ചാർജ്ജ് ഓരോ ഭരണസമിതി അംഗം വഹിക്കേണ്ടതാണ്.

18. സംഘത്തിൽ സിൽബന്ധികളെ നിയമിക്കുന്നത് സംബന്ധിച്ചുള്ള സേവനവ്യവസ്ഥകൾ അടങ്ങിയ ചട്ടങ്ങൾ ഉണ്ടാക്കുക.

19. സംഘത്തിന്റെ കീഴിൽ നടത്തുന്ന സ്ഥാപനങ്ങൾക്ക് വായനശാല, ഗ്രന്ഥശാല, ബാലവാടികൾ മുതലായവയ്ക്കു വേണ്ടുന്ന ചട്ടങ്ങൾ എഴുതി ഉണ്ടാക്കുക.

20. സംഘാഭിവൃദ്ധിക്കും അംഗങ്ങളുടെ ക്ഷേമത്തിനും ആവശ്യമാണെന്നു തോന്നുന്ന പദ്ധതികൾ ആവിഷ്കരിച്ച് പൊതുയോഗത്തിൽ അവതരിപ്പിക്കുക.

21. സംഘത്തിനുവേണ്ടി എടുക്കുന്ന വായ്പകൾക്ക് പ്രസിഡന്റും, സെക്രട്ടറിയും, ഖജാൻജിയും, ഭരണസമിതി അംഗങ്ങളിൽ കുറഞ്ഞത് രണ്ടുപേരെങ്കിലും ഒപ്പിട്ടിരിക്കേണ്ടതാണ്.

## 13. ഔദ്യോഗിക അംഗങ്ങളുടെ അധികാരങ്ങളും ചുമതലകളും

### 1. പ്രസിഡന്റ്

1. സംഘം ഭരണകാര്യങ്ങളെക്കുറിച്ചുള്ള പൊതുനോട്ടം വഹിക്കുക.

2. സംഘത്തിനുവേണ്ടിയുള്ള സകല പ്രമാണങ്ങളും, റിക്കാർഡുകളും പ്രസിഡന്റിന്റെ പേരിൽ ആയിരിക്കും.

3. എല്ലാ ഭരണസമിതി യോഗങ്ങളിലും പൊതുയോഗങ്ങളിലും അദ്ധ്യക്ഷം വഹിക്കുക.

(തുടർച്ച 6)

സംഘകാര്യങ്ങൾ നടത്തുന്നതിന് സിൽബന്ധികളെ നിയമിക്കുക, പിഴചുമത്തുക, സസ്പെന്റ് ചെയ്യുക, പിരിച്ചുവിടുക ഇവയ്ക്കുള്ള അധികാരം പ്രസിഡന്റിന് ഉണ്ടായിരിക്കും. എന്നാൽ ഒടുവിലത്തെ രണ്ട് സംഗതികൾക്കും ഭരണസമിതിയുടെ അംഗീകാരം വേണ്ടതാണ്.

5. എതെങ്കിലും യോഗങ്ങളിൽ പ്രസിഡന്റിന് ഹാജരാകാൻ സാധിക്കാത്തപക്ഷം വിവരം മുൻകൂട്ടി സെക്രട്ടറിയേയും വൈസ് പ്രസിഡന്റിനേയും അറിയിച്ചിരിക്കേണ്ടതാണ്.

6. സംഘംവക ബാങ്ക് നിക്ഷേപങ്ങൾ എല്ലാം പ്രസിഡന്റിന്റെ പേരിൽ ആയിരിക്കേണ്ടതാണ്.

പൊതുയോഗം നിശ്ചയിക്കുന്നപക്ഷം പ്രസിഡന്റിനെ കൂടാതെ സെക്രട്ടറിയുടെയും ഖജാൻജിയുടെയും പേരിൽ കൂട്ടായി ബാങ്ക് അക്കൗണ്ടുകൾ ആകാവുന്നതാണ്. അപ്രകാരമുള്ള സംഗതികളിൽ നിക്ഷേപം പിൻവലിക്കുന്നതിന് അവർകൂടി ഒപ്പിട്ടിരിക്കേണ്ടതാണ്.

2. വൈസ് പ്രസിഡന്റ്

1. പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.
2. സംഘത്തിന്റെ ഭരണകാര്യത്തിൽ പ്രസിഡന്റിനെ സഹായിക്കുക.
3. ഭരണസമിതി നിശ്ചയിക്കുന്ന മറ്റുകാര്യങ്ങൾ.

3. സെക്രട്ടറി

1. പ്രസിഡന്റിന്റെ മേൽവിചാരത്തിനുൾപ്പെട്ട് സംഘത്തിന്റെ ദൈനംദിന കാര്യങ്ങളുടെ ചുമതല വഹിക്കുക.
2. സംഘത്തിന് ആവശ്യമുള്ള സകല റിക്കാർഡുകളും, കണക്കുകളും, ബുക്കുകളും, രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിക്കുക.
3. സംഘത്തിന്റെ സകല സ്വത്തുക്കളുടേയും കൈകാര്യം കർത്തൃത്വത്തിന്റെയും ചുമതല വഹിക്കുക.
4. സംഘം സംബന്ധിച്ചുള്ള സകല എഴുത്തുകുത്തുകളും നടത്തുക.
5. പൊതുയോഗങ്ങളും ഭരണസമിതി യോഗങ്ങളും വിളിച്ചുകൂട്ടുക.
6. ആയതിലേക്ക് നോട്ടീസയയ്ക്കുക.
7. സംഘത്തിന്റെ പ്രവർത്തന റിപ്പോർട്ടുകൾ, വരവുചെലവു കണക്കുകളുടെ സ്റ്റേറ്റ്മെന്റുകൾ, ബാലൻസ് ഷീറ്റ്, ഭരണസമിതി യോഗത്തിന്റെയും പൊതുയോഗത്തിന്റെയും റിപ്പോർട്ടുകൾ, വാർഷിക ബഡ്ജറ്റുകൾ ഇവ തയ്യാറാക്കുകയും സൂക്ഷിക്കുകയും ചെയ്യുക, വാർഷിക വരവുചെലവു കണക്കുകളും, വാർഷിക പ്രവർത്തന റിപ്പോർട്ടുകളും ബാക്കിപത്രവും പൊതുയോഗത്തിൽ സമർപ്പിക്കുക.
8. രജിസ്ട്രാറാഫീസിൽ ഫയൽ ചെയ്യേണ്ടതായ ഭരണസമിതി അംഗങ്ങളുടെ ലിസ്റ്റ് സംഘത്തിന്റെ രജിസ്റ്റേർഡ് ആഫീസ് മാറ്റുമ്പോഴുള്ള വിവരം പൊതുയോഗത്തിൽ പാസാക്കപ്പെട്ട വരവുചെലവു കണക്കുകളുടെയും ബാക്കിപത്രത്തിന്റെയും ശരിപകർപ്പുകൾ നിബന്ധന ഭേദഗതികളുടെ പകർപ്പ് ഇവ യഥാസമയം ഹാജരാക്കുക.
9. ഭരണസമിതിയും പൊതുയോഗവും നിശ്ചയിക്കുന്ന മറ്റു കാര്യങ്ങൾ.
10. സംഘത്തിന്റെ ഓരോ ആവശ്യത്തിനും വേണ്ടിവരുന്ന തുകകൾ, ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള പ്രകാരം ഖജാൻജിയുടെ പക്കൽനിന്നും വൗച്ചറുകൾ മുഖേന വാങ്ങി ചെലവാക്കേണ്ടതാണ്.

(തുടർച്ച 7)

ബഡ്ജറ്റിൽ കവിഞ്ഞുള്ള തുകകൾ ചെലവാക്കുന്നതിന് ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിരിക്കുകയും ആണ്ടവസാനം അഡീഷണൽ ബഡ്ജറ്റായി പൊതുയോഗത്തിൽ അനുവാദം വാങ്ങേണ്ടതാണ്.

4. ജോയിന്റ് സെക്രട്ടറി

1. ഭരണകാര്യങ്ങളിൽ സെക്രട്ടറിയെ സഹായിക്കുക.
2. സെക്രട്ടറി ഹാജരാകാത്തപ്പോൾ സെക്രട്ടറിയുടെ ചുമതലകൾ വഹിക്കുക.

5. ഖജാൻജി

1. പണം സംബന്ധിച്ചുള്ള സകല ഇടപാടുകളുടേയും ഉത്തരവാദിത്വം ഖജാൻജിയുടേതായിരിക്കും.
2. സംഘത്തിൽ നിന്നും പിരിഞ്ഞുകിട്ടുന്ന സകല പണത്തിന്റെയും കണക്കുകൾ ശരിയായി എഴുതി സൂക്ഷിക്കുക.
3. ഔദ്യോഗിക രസീതുകൾ ഒപ്പിട്ടുകൊടുക്കുക
4. സംഘം കാര്യാദികൾ നടത്തുന്നതിന് അത്യാവശ്യ ചെലവുകൾക്കായി......5001/-...... രൂപ വരെയുള്ള തുക ഖജാൻജിയുടെ കൈവശം വയ്ക്കാവുന്നതും കൂടുതൽ വരുന്ന തുക ഭരണസമിതിയോ പൊതുയോഗമോ നിശ്ചയിക്കുന്ന ഏതെങ്കിലും അംഗീകൃത ബാങ്കിൽ പ്രസിഡന്റിന്റെ പേരിൽ നിക്ഷേപിക്കേണ്ടതും ആകുന്നു.
5. കൊടുക്കുന്ന പണത്തിന് ശരിയായ വൗച്ചറുകളും ബോണ്ടുഫോറങ്ങളും ഒപ്പിട്ടുവാങ്ങി സൂക്ഷിക്കേണ്ടതുമാണ്.
6. പാസ് ബുക്കുകളും ചെക്കുബുക്കുകളും സൂക്ഷിക്കുക.
7. സംഘത്തിൽ നിന്നും കൊടുക്കുന്ന എല്ലാ രസീതുകളിലും സംഘത്തിന്റെ മുദ്രവച്ചു കൊടുക്കേണ്ടതുമാണ്.

14. സംഘം സൂക്ഷിക്കേണ്ടതായ റിക്കാർഡുകളുടെ വിവരം

1. സംഘം നിബന്ധനകളുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയും ഫയൽ
2. മിനിട്ട്സ് ബുക്ക്
3. പ്രവേശന രജിസ്റ്റർ
4. രസീത് ബുക്കുകൾ
5. സ്റ്റോക്ക് രജിസ്റ്റർ
6. വരവുചെലവു കണക്കുകളുടെ ബുക്ക്
7. സംഘംവക മുതലുകളുടെ രജിസ്റ്റർ
8. പാസ് ബുക്കുകളും ചെക്ക് ബുക്കുകളും
9. നിക്ഷേപങ്ങളുടെ രജിസ്റ്റർ
10. വരവുചെലവു കണക്കുകളുടെ സ്റ്റേറ്റ്മെന്റുകൾ (പ്രവർത്തന റിപ്പോർട്ടുകൾ, ബാക്കിപത്രം മുതലായവയുടെ ഫയൽ)
11. നോട്ടീസ് ബുക്ക്
12. എഴുത്തുകുത്തുകളുടെ ഫയൽ
13. ഇൻവേർഡ് രജിസ്റ്റർ
14. ഔട്ടവേർഡ് രജിസ്റ്റർ
15. സ്റ്റാമ്പ് അക്കൗണ്ട് ബുക്ക്
16. സംഘത്തിന് അവശ്യം വേണ്ടതായ രജിസ്റ്ററുകൾ.

(തുടർച്ച 8)

**15. സംഘത്തിലും സംഘത്തിൻമേലുള്ള വ്യവഹാരങ്ങൾ**

1. സംഘത്തിനുവേണ്ടിയോ സംഘത്തിന്റെ പേർക്കോ ഉള്ള സകല കേസുകളും സംഘത്തിനുവേണ്ടി സെക്രട്ടറി നടത്തുന്നതാണ്.
2. സംഘം എടുത്തിട്ടുള്ള വായ്പകൾക്ക് സംഘവും ഭരണസമിതിയും ഉത്തരവാദികളായിരിക്കുന്നതാണ്.
3. സംഘത്തിന് പിരിഞ്ഞുകിട്ടാനുള്ള തുകകൾ വല്ലതുമുണ്ടെങ്കിൽ അത് ഈടാക്കി എടുക്കുന്നതിന് ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**16. കുറ്റക്കാരായ അംഗങ്ങൾ അന്യരെപ്പോലെ ശിക്ഷാർഹരാണ്**

സംഘം ഭരണസമിതിയിൽപ്പെട്ടവരായിരുന്നാലും ശരി, മറ്റംഗങ്ങളായിരുന്നാലും ശരി സംഘംവക തുകകൾ കൈകാര്യം ചെയ്യുന്നതായോ, മറ്റു സംഘംവക ഏതെങ്കിലും നഷ്ടപ്പെടുത്തുകയോ മോഷ്ടിക്കുകയോ അപഹരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സ്വത്ത് മനപൂർവ്വം ദ്രോഹബുദ്ധിയോടു കൂടി നശിപ്പിക്കുകയോ, കേടുവരുത്തുകയോ ചെയ്യുക, സംഘത്തിന് ധനനഷ്ടം നേരിടത്തക്കവണ്ണം ഏതെങ്കിലും പ്രമാണമോ, കച്ചീട്ടോ, പാട്ടത്തിനുള്ള ഈടോ, രസീതോ മറ്റുവല്ല രേഖകളോ വ്യാജമായി നിർമ്മിക്കുകയോ ചെയ്താൽ സംഘത്തിലെ ഏതൊരംഗവും സിൽബന്ധികളും പ്രോസിക്യൂഷൻ ശിക്ഷിക്കപ്പെടുന്നതുമാകുന്നു.

**17. സംഘം പിരിച്ചുവിടുന്നതിനും അവയുടെ കാര്യങ്ങൾ നടത്തുന്നതിനുമുള്ള വ്യവസ്ഥ**

സംഘം അംഗങ്ങളിൽ നാലിൽ മൂന്നു ഭാഗത്തിൽ കുറയാത്ത അംഗങ്ങൾക്ക് സംഘം പിരിച്ചുവിടണമെന്ന് തീർച്ച ചെയ്യാവുന്നതും അങ്ങനെ ചെയ്താൽ ഉടനെയോ അപ്പോൾ സമ്മതിച്ചിട്ടുള്ള സമയത്തോ സംഘം പിരിച്ചുവിടേണ്ടതും സംഘത്തിന്റെ ആസ്തിബാദ്ധ്യതകൾ തിട്ടപ്പെടുത്തിയതിനു ശേഷം കൊടുത്തു തീർക്കേണ്ട കടങ്ങൾ വല്ലതുമുണ്ടെങ്കിൽ ആയത് സംഘത്തിന് (സംഘാംഗങ്ങൾക്ക്) തിരിച്ച് വീതിച്ചുകൊടുക്കാൻ പാടില്ലാത്തതും സംഘത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സാദൃശ്യം വഹിക്കുന്ന മറ്റുവല്ല സംഘവും ആ സ്ഥലത്തോ സമീപത്തോ ഉണ്ടെങ്കിൽ അവയ്ക്ക് കൊടുക്കേണ്ടതാണെന്ന് തീർച്ച ചെയ്യാവുന്നതുമാണ്. അപ്രകാരം സംഘങ്ങൾ ഇല്ലെങ്കിൽ ആവക സ്വത്തുക്കൾ ഗവൺമെന്റിന് ഏറ്റെടുക്കാവുന്നതാണ്.

**18. സംഘത്തിന് ഒരു രജിസ്റ്റേർഡ് ആഫീസും മുദ്രയും നെയിം ബോർഡും ഉണ്ടായിരിക്കുന്നതാണ്.**

ഈ നിബന്ധനകളിൽ സംഘം നടത്തിപ്പിനുവേണ്ടതായ കാര്യങ്ങൾ വല്ലതും വിട്ടുപോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിന് ബൈലാ ഭേദഗതികൾ പൊതുയോഗത്തിൽ പാസ്സാക്കിയതിനുശേഷം നടപ്പിൽ വരുത്താവുന്നതും പാസാക്കപ്പെട്ട പൊതുയോഗത്തിന്റെ തീയതി മുതൽ 14 ദിവസത്തിനകം രജിസ്ട്രാറാഫീസിൽ ഹാജരാക്കി ഫയൽ ചെയ്യേണ്ടതുമാണ്.

True copy

1. ~~പ്രസിഡന്റ്~~ (2) S. Sudin President sd/-
2. ~~സെക്രട്ടറി~~ (2) L. Sindu Secretary sd/-
3. ~~ഖജാൻജി~~ (2) Joy Baskar Treasurer sd/-

(സംഘം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഈ ആഫീസുമായുള്ള എല്ലാ കത്തിടപാടുകളും നിങ്ങളുടെ സംഘത്തിന്റെ രജിസ്റ്റർ നമ്പരും സംഘം രജിസ്റ്റർ ചെയ്ത വർഷവും ചേർത്തിരിക്കേണ്ടതാണ്.)

REGISTRAR OF ... TRIVANDRUM

KERALA

10 Rs

दस रुपये

सत्यमेव जयते

भारत

INDIA

१० रु. TEN RUPEES 10 Rs.

ക്രമനമ്പർ. ടി 647/97

1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് അനുസരിച്ച് മദർ ഇന്ത്യ ഇന്റർനാഷണൽ റസിഡൻഷ്യൽ പബ്ലിക് സ്കൂൾ ഇന്നേദിവസം രജിസ്റ്റർ ചെയ്തതായി ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റിയേഴാമാണ്ട് മേയ് മാസം ഇരുപത്തിഒന്നാം തീയതിയായ ഇന്ന് ഞാൻ കൈയൊപ്പുവെച്ചു നൽകിയിരിക്കുന്നു.

(Seal)

(ഒപ്പ്)

സംഘം രജിസ്ട്രാർ

|| ശരിപ്പകർപ്പ് ||

[illegible]

[illegible]

[illegible] / വായിച്ചു [illegible] ഷീതി. വി. എം. Sheethy

[illegible]

തിരുവനന്തപുരം
28-2-04

REGISTRAR OF SOCIETIES
THIRUVANANTHAPURAM

22.1.04

KERALA (13) 131 10 Rs.

दस रुपये सत्यमेव जयते भारत INDIA ₹10 10 RS. TEN RUPEES

MOTHER INDIA INTERNATIONAL RESIDENTIAL PUBLIC SCHOOL
C. B. S. E. SYLLABUS
ATTINGAL, THIRUVANANTHAPURAM, KERALA-695101
Ph.No: (0472) 620238, 620565, FAX: (0472) 620238, 622920
E.mail: principal@motherindia.edu, suddin@motherindia.edu
Web Site: www.motherindia.edu

Reg.No.T/647/

Date: 10.2.2001

സംഘത്തിന്റെ നിലവിലുള്ള നിബന്ധനകളിൽ 1 മുതൽ 6 വരെയുള്ളതിനു മാറ്റമില്ല. 7-ൽ (പ്രവേശനം)പിരിവ് 1-നു മാത്രം മാറ്റമുണ്ട്. 8,9 എന്നിവയിൽ മാറ്റമില്ല. 10(പ്രവർത്തനം) മാറ്റം ഉണ്ട്. എന്നാൽ 11 മുതൽ 18 വരെയുള്ള നിബന്ധനകളിൽ ഒരു മാറ്റവുമില്ല.

<u>നിലവിലുള്ളത്</u>

<u>7(പ്രവേശനം) പിരിവ് 1(ഒന്ന്)</u>

അംഗമായി ചേരണമെന്നുള്ളവർ അതിലേയ്ക്കുള്ള അപേക്ഷാഫോറത്തിൽ എഴുതിഒപ്പിട്ടു Nil പൈസ പ്രവേശനഫീസും മാസവരിയും കൊടുക്കേണ്ടതാണ്. തുടർന്നുള്ള മാസവരി ഓരോ ഇംഗ്ലീഷ്മാസത്തിലും Nil -ാം തീയതിക്കു മുൻപ് അടച്ചിരിക്കേണ്ടതാണ്.

8,9-ൽ മാറ്റമില്ല, 10-നു മാറ്റമില്ല
10( പ്രവർത്തനം ) മാറ്റമില്ല

<u>ഭേദഗതി ചെയ്യേണ്ടത്</u>

<u>7(പ്രവേശനം) പിരിവ് 1(ഒന്ന്)</u>

അംഗമായി ചേരണമെന്നുള്ളവർ അതിലേയ്ക്കുള്ള അപേക്ഷാഫോറത്തിൽഒപ്പിട്ടു 1,00,000രൂപ( രൂപാ ഒരുലക്ഷം) പ്രവേശനഫീസും മാസവരി 500രൂപ( അഞ്ഞൂറു രൂപാ)യും കൊടുക്കേണ്ടതാണ്. തുടർന്നുള്ള മാസവരി ഓരോ ഇംഗ്ലീഷ് മാസത്തിലും 5-ാംതീയതിക്കുമുൻപ് അടച്ചിരിക്കേണ്ടതാണ്.

<u>കൂട്ടിച്ചേർത്തത്</u>: 10( എ)
ഇവകൾ സ്വീകരിക്കുന്നതിനും കൊടുക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. — 2 —

(ഒപ്പ്)
പ്രസിഡന്റ്

seal

~~(ഒപ്പ്)~~ (1) ~~(ഒപ്പ്)~~
~~(ട്രഷറർ~~ (1) ~~സെക്രട്ടറി)~~

ട്രഷറർ ഒപ്പ്  സെക്രട്ടറി ഒപ്പ്

ശരിപകർപ്പ്

[illegible] (1)

പ്രസിഡന്റ് [illegible]: വി. [illegible] [signature]

ഒപ്പ് / [illegible] [signature]

[illegible] / [illegible]: വി. [illegible] [signature]

തിരുവനന്തപുരം
24-9-03

SEAL OF THE REGISTRAR OF SOCIETIES * TRIVANDRUM *

[signature]
REGISTRAR OF SOCIETIES
THIRUVANANTHAPURAM

KERALA (15) 129. 10 Rs.

दस रूपये

सत्यमेव जयते

भारत

INDIA

१० रु. TEN RUPEES 10 RS.


MOTHER INDIA INTERNATIONAL RESIDENTIAL PUBLIC SCHOOL

C. B. S. E. SYLLABUS

ATTINGAL, THIRUVANANTHAPURAM, KERALA-695 101

Ph.No:(0472)620238,620565, FAX:(0472)620238,622920

E-Mail:principal@motherindia.edu, sudhin@motherindia.edu

Web Site: www.motherindia.edu


Reg.No.T/647/97 Date:

മദർ ഇന്ത്യ ഇന്റർനാഷണൽ റെസിഡൻഷ്യൽ പബ്ലിക് സ്കൂൾ സൊസൈറ്റിയുടെ 8.9.2001-ന് നോട്ടീസ് നൽകിയപ്രകാരം 24.09.2001, 30.09.2001 എന്നി തീയതികളിൽ കൂടിയ പൊതുയോഗങ്ങളിൽ ഏകകണ്ഠേന അംഗീകരിച്ച ബൈലാ ഭേദഗതി അംഗീകാരത്തിനായി ഇതിനോടൊപ്പം സമർപ്പിക്കുന്നു.

<u>നിലവിലുള്ളത്</u>

സംഘത്തിന്റെ നിലവിലുള്ള നിബന്ധനകളിൽ 1 മുതൽ 5 വരെ മാറ്റമില്ല

6. <u>അംഗത്വം മാറ്റമുണ്ട്</u>

18 വയസ്സിനുമേൽ പ്രായമുള്ള ഏവർക്കും സംഘ നിബന്ധനകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ സമ്മതമുള്ളവർക്ക് ഭരണസമിതിയുടെ അംഗീകാരത്തിനു വിധേയമായി അംഗമായിചേരാവുന്നതാണ്.

<u>ഭേദഗതി ചെയ്യുന്നത്</u>

6. അംഗത്വം

18 വയസ്സിനുമേൽ പ്രായമുള്ളഏവർക്കും സംഘം നിബന്ധനകൾ അനുസരിച്ചുപ്രവർത്തിക്കുവാൻ സമ്മതമുള്ളവർക്ക് ഭരണസമിതിയുടെ അംഗീകാരത്തിനുവിധേയമായി അംഗമായി ചേരാവുന്നതാണ്. ഒരു സ്ഥിരാംഗത്തിന്റെ ശുപാർശയിൽ മറ്റു വ്യക്തികൾക്കു അംഗമായി ചേരാവുന്നതാണ്. എന്നാൽ ടി സ്ഥിരാംഗത്തിന്റെ മെംബർഷിപ്പ് പിൻവലിക്കുന്നമുറയ്ക്കു സ്ഥിരാംഗത്തിന്റെ ശുപാർശയിൽ അംഗത്വം ലഭിച്ച മറ്റു അംഗങ്ങളുടെ അംഗത്വം റദ്ദാകുന്നതാണ്. അംഗത്വം ലഭിക്കുന്നതിന് ഭരണസമിതിയുടെപൂർണ്ണമായ അംഗീകാരം നേടേണ്ടതാണ്. ഭരണസമിതിഅംഗങ്ങ

25-2-2002

പ്രസിഡന്റ് സെക്രട്ടറി ട്രഷറർ

ളിൽ ആർക്കെങ്കിലും എതിർപ്പുണ്ടെങ്കിൽ വിഷയം ജനറൽ ബോഡിയിൽ അവതരിപ്പിക്കേണ്ടതും അംഗീകരിക്കപ്പെടേണ്ടതുമാണ്. അംഗങ്ങളെ മൂന്നായിതരംതിരിച്ചിരിക്കുന്നു.

1. സ്ഥിരാംഗത്തിന്റെ ശുപാർശയിൽ നൽകിയിട്ടുള്ള അംഗത്വം
2. ഒരുലക്ഷംരൂപാ പ്രവേശനഫീസിൽമേൽ നൽകിയിട്ടുള്ള സാധാരണ അംഗത്വം
3. രണ്ടരലക്ഷംരൂപാ പ്രവേശനഫീസിൻമേൽ നൽകിയിട്ടുള്ള സ്ഥിരാംഗത്വം

സ്ഥിരാംഗങ്ങളുടെ യോഗത്തിൽ മാത്രമേ ഭാരവാഹികളെ തെരഞ്ഞെടുക്കാവൂ. സാധാരണഅംഗങ്ങളുടെ ജനറൽ ബോഡിയിൽ സ്ഥിരാംഗങ്ങളുടെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനങ്ങൾ ബോധിപ്പിച്ച് അഭിപ്രായങ്ങൾ ആരായേണ്ടതാണ്. ഒരു സ്ഥിരാംഗത്തിന്അയാളുടെ ശുപാർശയിൽ 100രൂപാ പ്രവേശനഫീസുനൽകി അംഗത്വമെടുത്ത എല്ലാവർക്കും അവരവരെശുപാർശ ചെയ്ത സ്ഥിരാംഗത്തിന് അവരവരുടെ അസാന്നിദ്ധ്യത്തിൽ വോട്ടു ചെയ്യുന്നതിനുള്ള അധികാരംരേഖാമൂലം നൽകാവുന്നതാണ്.

അംഗത്വം 6(1) നിലവിലില്ല

<u>കൂട്ടിച്ചേർത്തത് 6(1)</u>

ഒരു സ്ഥിരാംഗത്തിന്റെ ശുപാർശയിൽ മറ്റു വ്യക്തികൾക്കു അംഗമായി ചേരാവുന്നതാണ്. എന്നാൽ ടി സ്ഥിരാംഗത്തിന്റെ മെംപർഷിപ്പ് പിൻവലിക്കുന്നമുറയ്ക്ക് സ്ഥിരാംഗത്തിന്റെ ശുപാർശയിൽ അംഗത്വംലഭിച്ച മറ്റു അംഗങ്ങളുടെ അംഗത്വം റദ്ദാകുന്നതാണ്. അംഗത്വം ലഭിക്കുന്നതിന് ഭരണസമിതിയുടെ പൂർണ്ണമായ അംഗീകാരം നേടേണ്ടതാണ്. ഭരണസമിതിഅംഗങ്ങളിൽ ആർക്കെങ്കിലും എതിർപ്പുണ്ടെങ്കിൽ വിഷയം ജനറൽബോഡിയിൽ അവതരിപ്പിക്കേണ്ടതും അംഗീകരിക്കപ്പെടേണ്ടതുമാണ്. — 3 —

പ്രസിഡന്റ് സെക്രട്ടറി ട്രഷറർ

SEAL OF THE REGISTRAR OF SOCIETIES, KERALA, TRIVANDRUM

അംഗങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

1. സ്ഥിരാംഗത്തിന്റെ ശുപാർശയിൽ നൽകിയിട്ടുള്ള അംഗത്വം
2. ഒരുലക്ഷംരൂപാ പ്രവേശനഫീസിൻമേൽ നൽകിയിട്ടുള്ള സാധാരണ അംഗത്വം
3. രണ്ടരലക്ഷംരൂപാ പ്രവേശനഫീസിൻമേൽ നൽകിയിട്ടുള്ള സ്ഥിരാംഗത്വം

സ്ഥിരാംഗങ്ങളുടെ യോഗത്തിനുമാത്രമേ ഭാരവാഹികളെ തെരഞ്ഞെടുക്കാവൂ. സാധാരണഅംഗങ്ങളുടെ ജനറൽ ബോഡിയിൽ സ്ഥിരാംഗങ്ങളുടെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനങ്ങൾ ബോധിപ്പിച്ച് അഭിപ്രായങ്ങൾ അറിയേണ്ടതാണ്. ഒരു സ്ഥിരാംഗത്തിന് അയാളുടെശുപാർശയിൽ 100രൂപാ പ്രവേശനഫീസു നൽകി അംഗത്വമെടുത്ത എല്ലാപേർക്കും അവരവരെ ശുപാർശ ചെയ്ത സ്ഥിരാംഗത്തിന് അവരവരുടെ അസാന്നിദ്ധ്യത്തിൽ വോട്ടു ചെയ്യുന്നതിനുള്ള അധികാരം രേഖാമൂലം നൽകാവുന്നതാണ്.

7. പ്രവേശനം മാറ്റമില്ല

7(1) <u>മാറ്റമുണ്ട്</u>

അംഗമായി ചേരണമെന്നുള്ളവർ അതിലേയ്ക്കുള്ള അപേക്ഷാഫോറത്തിൽ എഴുതിഒപ്പിട്ടു 1,00,000രൂപ പ്രവേശനഫീസും 500രൂപ മാസവരിയും കൊടുക്കേണ്ടതാണ്. തുടർന്നുള്ള മാസവരി ഓരോ ഇംഗ്ലീഷ്മാസവും 5-ാംതീയതിയ്ക്കുമുൻപായി കൊടുക്കേണ്ടതാണ്.

7(1) പ്രവേശനം

അംഗമായി ചേരണമെന്നുള്ളവർ അതിലേയ്ക്കുള്ളഅപേക്ഷാഫോറത്തിൽ എഴുതിഒപ്പിട്ടു 1,00,000രൂപാ പ്രവേശനഫീസും 500രൂപാ മാസവരിയുംകൊടുക്കേണ്ടതാണ്. തുടർന്നുള്ള മാസവരി ഓരോ ഇംഗ്ലീഷ്മാസവും 5-ാംതീയതിയ്ക്കുമുൻപായി കൊടുക്കേണ്ടതാണ്. <u>സംഘത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി വ്യക്തികളിൽനിന്നും അംഗങ്ങളിൽനിന്നും വായ്പകൾ സ്വീകരിക്കാവുന്നതാണ്. മേൽപറഞ്ഞ വായ്പയ്ക്ക് ദേശസാൽകൃതബാങ്കുകൾ രണ്ടു രണ്ടു വർഷക്കാല സ്ഥിരനിക്ഷേപത്തിനു നൽകുന്നപലിശനിരക്ക് നൽകേണ്ടതുംവായ്പ നൽകുന്ന അംഗങ്ങൾക്ക് ആയുഷ്ക്കാല അംഗത്വം നൽകേണ്ടതും വായ്പ പിൻവലിക്കുന്നമുറയ്ക്ക അംഗത്വം റദ്ദാകുന്നതുമാണ്.</u> (-3-( [illegible] ) (2)) <u>അതോടൊപ്പം ടി അംഗത്തിന്റെ ശുപാർശയിൽ അംഗത്വം ലഭിച്ചിട്ടുള്ള അംഗങ്ങൾക്ക് അംഗത്വം സ്വമേധയാ നഷ്ടപ്പെടുന്നതാണ്. വായ്പത്തുക ഗഡുക്കളായി തിരികെ വാങ്ങുകയാണെങ്കിൽ സ്ഥിരാംഗത്വം നിലനിർക്കുകയും തിരികെ വാങ്ങുന്നതുക</u>

യുടെ ആനുപാതികമായ എണ്ണം മെംപറൻമാരുടെ
അംഗത്വം പിൻവലിക്കപ്പെടുകയും ചെയ്യും( സ്ഥിര
ത്തിന്റെ നിർദ്ദേശപ്രകാരവും അംഗത്വഫോമിലെ
ക്രമനംപരിന്റെ മുൻഗണനാക്രമത്തിലുമാകണം അം
ത്വം പിൻവലിക്കപ്പെടേണ്ടത് )

സ്ഥിരാംഗത്വം നാമനിർദ്ദേശം ചെയ്ത് 100രൂപ
പ്രവേശനഫീസു നൽകി അംഗത്വം എടുക്കുന്നമെംപറൻ
രുടെ അംഗത്വംമാത്രമേ സ്ഥിരാംഗത്തിന്റെ അംഗത
ത്തിനോടൊപ്പം പിൻവലിക്കപ്പെടേണ്ടതുള്ളൂ.
എന്നാൽ ഒരുലക്ഷംരൂപാ പ്രവേശനഫീസ് നൽകി അം
ത്വം എടുക്കുന്ന മെംപറൻമാർക്ക് മേൽപറഞ്ഞ വ്യവ
കൾ ബാധകമല്ല. ഒരുലക്ഷംരൂപാ പ്രവേശനഫീസു
നൽകി അംഗത്വം എടുക്കുന്ന അംഗങ്ങൾ സാധാരണഅം
ളും രണ്ടര ലക്ഷംരൂപ പ്രവേശനഫീസുനൽകി അ
ത്വം എടുക്കുന്ന അംഗങ്ങൾ ആയുഷ്കാല അംഗങ്ങളും
ആയിരിക്കും.

പ്രവേശനം 7(4) നിലവിലില്ല

**കൂട്ടിച്ചേർത്തത് 7(4)**

സംഘത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി വ്യക്ത
കളിൽനിന്നും അംഗങ്ങളിൽനിന്നും വായ്പകൾ സ്വീകര
വുന്നതാണ്. മേൽപറഞ്ഞ വായ്പയ്ക്ക് ദേശസാൽകൃത
ബാങ്കുകൾ രണ്ടുവർഷകാല സ്ഥിരനിക്ഷേപത്തിന
നൽകുന്ന പലിശനിരക്കനൽകേണ്ടതും വായ്പ നൽകു
ആൾക്ക് ആയുഷ്കാല അംഗത്വം നൽകേണ്ടതും വായ്പ
പിൻവലിക്കുന്നമുറയ്ക്ക് അംഗത്വം റദ്ദാകുന്നതുമാണ്.
അതോടൊപ്പം ടി അംഗത്തിന്റെ ശുപാർശവഴി
അംഗത്വം ലഭിച്ചിട്ടുള്ള അംഗങ്ങൾക്കു അംഗത്വംസ്വ
ധയാ നഷ്ടപ്പെടുന്നതാണ്. വായ്പത്തുക ഗഡുക്കളായ
തിരികെ വാങ്ങുകയാണെങ്കിൽ സ്ഥിരാംഗത്വംനില
ക്കുകയും തിരികെ വാങ്ങുന്ന തുകയുടെ ആനുപ
മായ എണ്ണം മെംപറൻമാരുടെ അംഗത്വം പിൻവലി
പ്പെടുകയും ചെയ്യും. സ്ഥിരാംഗത്തിന്റെ നിർ
പ്രകാരവും അംഗത്വ ഫോമിലെ ക്രമനംപറിന്റെ
ഗണനാക്രമത്തിലുമാകണം അംഗത്വം പിൻവലിക്കപ്പെ
ണ്ടത്. സ്ഥിരാംഗം നാമനിർദ്ദേശം ചെയ്ത് 100
പ്രവേശനഫീസ് നൽകി അംഗത്വം എടുക്കുന്ന മെംപറ
രുടെ അംഗത്വം മാത്രമേ സ്ഥിരാംഗത്തിന്റെ അ
ത്തിനോടൊപ്പം പിൻവലിക്കപ്പെടേണ്ടതുള്ളൂ.

പ്രസിഡന്റ് (s) സെക്രട്ടറി ട്രഷറർ

SEAL OF THE REGISTRAR OF SOCIETIES TRIVANDRUM

൨(6) നിലവിലില്ല

**കൂട്ടിചേർത്തത്.൨(6)**

അവകാശി മൈനറാണെങ്കിൽ ടിയാളുടെ നിയമാനുസൃത രക്ഷിതാവിന് അവകാശി പ്രായപൂർത്തിയാകുന്നതുവരെ അവകാശിക്കുവേണ്ടി വോട്ടവകാശം മാത്രം ഉണ്ടായിരിക്കുന്നതാണ്.

10(പ്രവർത്തനം – മാറ്റമുണ്ട്

പ്രവേശനഫീസ് മാസവരി സംഭാവനകൾ ഗവൺമെൻറിൽനിന്നോ, മറ്റു സഹായ സ്ഥാപനങ്ങളിൽനിന്നോ ലഭിക്കുന്ന ഗ്രാൻറുകൾ, വായ്പകൾ, സംഘത്തിൻെറ പ്രവർത്തനങ്ങളിൽനിന്നും ലഭിക്കുന്ന ആദായങ്ങൾ ഇവകൾ മുതൽകൂട്ടുന്നതാണ്. ഇവകൾ സ്വീകരിക്കുന്നതിനുംകൊടുക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

10 **പ്രവർത്തനം**

പ്രവേശനഫീസ്, മാസവരി, സംഭാവകൾ, ഗവൺമെൻറിൽനിന്നോ മറ്റു സഹായ സ്ഥാപനങ്ങളിൽനിന്നോ ലഭിക്കുന്ന ഗ്രാൻറുകൾ, വായ്പകൾ സംഘത്തിൻെറ പ്രവർത്തനങ്ങളിൽനിന്നും ലഭിക്കുന്ന ആദായങ്ങൾ, ഇവകൾ മുതൽകൂട്ടുന്നതാണ്. ഇവകൾ സ്വീകരിക്കുന്നതിനും കൊടുക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. സ്ഥിരാംഗങ്ങളിൽനിന്നും സ്വീകരിച്ചിട്ടുള്ള ദീർഘകാലവായ്പാ ഗഡുക്കളായി മടക്കി വേണമെന്നുരേഖാമൂലം ആവശ്യപ്പെട്ടാൽ ഒരു ലക്ഷത്തിനു താഴെയുള്ള തുകയ്ക്ക് രണ്ടു മാസത്തെ മുൻകൂർ നോട്ടീസും ഒരു ലക്ഷം മുതൽ മൂന്നു ലക്ഷംവരെയുള്ളതുകയ്ക്ക് ആറുമാസത്തെ മുൻകൂർ നോട്ടീസും മൂന്നുലക്ഷം മുതൽ അഞ്ചുലക്ഷം വരെയുള്ള തുകയ്ക്ക് ഒരു വർഷത്തെ മുൻകൂർ നോട്ടീസും അഞ്ചുലക്ഷത്തിനു മുകളിലേയ്ക്കുള്ള തുകയ്ക്കരണ്ടുവർഷത്തെ മുൻകൂർ നോട്ടീസും നൽകേണ്ടതാണ്.

10(ബി)നിലവിലില്ല

**കൂട്ടിചേർത്തത് 10(ബി)**

സ്ഥിരാംഗങ്ങളിൽനിന്നും സ്വീകരിച്ചിട്ടുള്ള ദീർഘകാല വായ്പ ഗഡുക്കളായി മടക്കി വേണമെന്നു രേഖാമൂലം ആവശ്യപ്പെട്ടാൽ ഒരുലക്ഷത്തിനു താഴെയുള്ള തുകയ്ക്ക് രണ്ടുമാസത്തെ മുൻകൂർ നോട്ടീസും, ഒരുലക്ഷം മുതൽ മൂന്നുലക്ഷം വരെയുള്ള തുകയ്ക്ക് ആറുമാസത്തെ മുൻകൂർനോട്ടീസും, മൂന്നുലക്ഷം മുതൽ അഞ്ചുലക്ഷംവരെയുള്ള തുകയ്ക്ക് ഒരുവർഷത്തെ മുൻകൂർ നോട്ടീസും, അഞ്ചുലക്ഷത്തിനു മുകളിലേയ്ക്കുള്ള തുകയ്ക്ക് രണ്ടുവർഷത്തെ മുൻകൂർനോട്ടീസും നൽകേണ്ടതാണ്.

11 മുതൽ 18 വരെ മാറ്റമില്ല

മേൽ ഭേദഗതി അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്നു അപേക്ഷിക്കുന്നു.

Exhi-R1(c)

KERALA (21) 123

10Rs.




**MINUTES OF SOCIETY ANNUAL MEETING OF**
**MOTHER INDIA INTERNATIONAL RESIDENTIAL PUBLIC SCHOOL**
**ATTINGAL HELD ON 31.3.2001 AT 3 P.M.**

M.I.I.R.P.S.സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 31.3.2001-കൃത്യം 3 മണിക്ക് (3 പി.എം)സംഘം പ്രസിഡന്റ് ശ്രീ.എസ്.സുദിന്റെഅദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

10.2.2001-നു കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം വരുന്ന സാമ്പത്തികവർഷം (1.4.2001) മുതൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന്പ്രവേശന ഫീസ് ഒരുലക്ഷം രൂപയാക്കി ഉയർത്തിയ വിവരം ബഹുമാനപ്പെട്ട സൊസൈറ്റിരജിസ്ട്രാറെ രേഖാമൂലം അറിയിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാകുന്നു. ഇതിൻപ്രകാരം ഈ പൊതുയോഗത്തിൽ വച്ചു ഈ സാമ്പത്തികവർഷത്തിലെ വരവുചെലവു കണക്കുകൾ അവതരിപ്പിക്കുകയും ബാലൻസ് ഷീറ്റു തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ടരേഖകൾ ചാർട്ടേർഡ് അക്കൗണ്ടിനെ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

2001-2002 സാമ്പത്തികവർഷത്തിലേയ്ക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി സംഘം പ്രസിഡന്റ് ശ്രീ.എസ്.സുദീൻ അംഗങ്ങളോടു അഭ്യർത്ഥിച്ചു.

| | |
|---|---|
| | എന്നാൽ ഒരുലക്ഷം രൂപ പ്രവേശനഫീസ് നൽകി അംഗത്വം എടുത്തിട്ടുള്ള മെമ്പറൻമാർക്ക് മേൽപറഞ്ഞ വ്യവസ്ഥകൾ ബാധകമല്ല. 1,00,000രൂപാ പ്രവേശനഫീസ് നൽകി അംഗത്വം എടുക്കുന്ന അംഗങ്ങൾ സാധാരണ അംഗങ്ങളും 2,50,000രൂപാ പ്രവേശനഫീസ് നൽകി അംഗത്വം എടുക്കുന്ന അംഗങ്ങൾ ആയുഷ്ക്കാല അംഗങ്ങളുമായിരിക്കും. |
| 8,9 മാറ്റമില്ല<br>9. അംഗത്വം ഇല്ലാതാകുക<br>പിരിവ്(1) ഒന്ന്. മാറ്റമുണ്ട്.<br>സ്വയം രേഖാമൂലം രാജി അപേക്ഷ സമർപ്പിക്കുകയും ആയത് ഭരണ സമിതി അംഗീകരിക്കുകയും വേണം. | 9. അംഗത്വം ഇല്ലാതാകുക. പിരിവ് (1)<br>സ്വയം രേഖാമൂലം രാജി അപേക്ഷ സമർപ്പിക്കുകയും ആയത് ഭരണസമിതി അംഗീകരിക്കുകയും വേണം. സ്ഥിരാംഗത്തിന് (ഭരണസമിതി അംഗത്തിന്) താൽപര്യമെങ്കിൽ അംഗത്വഫോറത്തിൽ പറഞ്ഞിരിക്കുന്ന അവകാശിയെ ഏതുസമയവും മാറ്റുന്നതിനും മറ്റൊരാളെ അവകാശിയാക്കുന്നതിനും അവകാശം ഉണ്ടായിരിക്കും. |
| അംഗത്വം ഇല്ലാതാകുക.<br>9(5)നിലവിലില്ല | കൂട്ടിച്ചേർത്തത് 9(5)<br>സ്ഥിരാംഗത്തിന് (ഭരണസമിതി അംഗത്തിന് താൽപര്യമെങ്കിൽ അംഗത്വഫോറത്തിൽ പറഞ്ഞിരിക്കുന്ന അവകാശിയെ ഏതുസമയവും മാറ്റുന്നതിനും മറ്റൊരാളെ അവകാശിയാക്കുന്നതിനും അധികാരമുണ്ടായിരിക്കും. |
| 9(2,3) മാറ്റമില്ല<br>9(4) മാറ്റമുണ്ട്<br>മരണം സംഭവിക്കുകയാണെങ്കിൽ സ്ഥിരാംഗത്വം ലഭിച്ച ഏഴു അംഗങ്ങളിൽ ആർക്കെങ്കിലും മരണംസംഭവിക്കുകയാണെങ്കിൽ അവരുടെഅപേക്ഷാഫാറത്തിൽ എഴുതിയിരിക്കുന്നഒരു അവകാശിക്കു മാത്രം യാതൊരുവിധ അംഗത്വഫീസും ഈടാക്കാതെ സംഘത്തിന് അംഗത്വം നൽകേണ്ടതാണ്. ഇതിൻപ്രകാരം അംഗത്വം ലഭിക്കുന്ന അവകാശിക്ക് സ്ഥിരാംഗങ്ങൾക്കുണ്ടായിരുന്ന എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കുന്നതാണ്. | 9. അംഗത്വം ഇല്ലാതാകുക. പിരിവ്(4)<br>മരണം സംഭവിക്കുകയാണെങ്കിൽ സ്ഥിരാംഗത്വംലഭിച്ച ഏഴു അംഗങ്ങളിൽ ആർക്കെങ്കിലുംമരണംസംഭവിക്കുകയാണെങ്കിൽ അവരുടെ അപേക്ഷാഫോറത്തിൽ എഴുതിയിരിക്കുന്ന ഒരവകാശിക്കുമാത്രം യാതൊരു അംഗത്വഫീസും ഈടാക്കാതെസംഘത്തിൽ അംഗത്വംനൽകേണ്ടതാണ്. ഇതിൻപ്രകാരം അംഗത്വംലഭിക്കുന്ന അവകാശിക്ക് സ്ഥിരാംഗങ്ങൾക്കുണ്ടായിരുന്ന എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കുന്നതാണ്. അവകാശി മൈനറാണെങ്കിൽ ടിയാളുടെ നിയമാനുസൃത രക്ഷിതാവിന് അവകാശി പ്രായപൂർത്തിയാകുന്നതുവരെ അവകാശിക്കുവേണ്ടി വോട്ടവകാശം മാത്രം ഉണ്ടായിരിക്കുന്നതാണ്. |



പ്രസിഡന്റ് സെക്രട്ടറി ട്രഷറർ

താഴെ പറയുന്ന 7 തീരുമാനങ്ങൾ യോഗം ഏകകണ്ഠേന അംഗീകരിച്ചു.

<u>തീരുമാനം 1</u> : -

പുതിയ ഇരുപത് അംഗങ്ങളെകൂടി നിലവിലുള്ള പ്രവേശനഫീസ് 100രൂപ യും എന്നാൽ മാസവരി 500 രൂപയും പ്രകാരം സംഘത്തിൽ ചേർക്കുന്നതിന് യോഗം ഏകകണ്ഠേന തീരുമാനമെടുത്തു. ഈ സുപ്രധാന തീരുമാനം എടുക്കുന്നതിലേയ്ക്കായി സംഘത്തിലെ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു.

<u>തീരുമാനം 2</u> : -

സംഘത്തിൻെറ ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി രാപകലില്ലാതെ അനുസൃതം പ്രവർത്തിച്ച താഴെ പറഞ്ഞിട്ടുള്ള അംഗങ്ങൾക്ക് സംഘത്തിൻെറ സ്ഥിരാംഗത്വം നൽകുന്ന നടപടിയെ യോഗം മുക്തകണ്ഠം പ്രശംസിക്കുകയും ഐകകണ്ഠേന അംഗീകരിക്കുകയും ചെയ്തു.

<u>സ്ഥിരാംഗങ്ങൾ</u> : -

1. ശ്രീ.എസ്.സുദീൻ,S/O.പി.ശ്രീധരൻ,(34 വയസ്സ്)പി.എസ്.ഡി.ബിൽഡിംഗ് കീഴാറ്റിങ്ങൽ
2. ശ്രീ.ഷിജു,S/O.മുഹമ്മദ് ഹനീഫ, അൻസാരി മൻസിൽ, കല്ലമ്പലം
3. ശ്രീ. ഡി.സുബ്രൻ,S/O.ദാമോദരൻ,(34 വയസ്സ്) വിപഞ്ചിക,വിളയിൽമൂല കീഴാറ്റിങ്ങൽ — 2 — seal
4. ആർ.അശോകൻ,S/O.രാഘവൻ(49 വയസ്സ്)അശോക് നിവാസ്,വിളയിൽമൂല, കീഴാറ്റിങ്ങൽ
5. സബിതാ അസീസ്,ഷിഹാസുദീൻെറ മകൾ,(38 വയസ്സ്)സൗഹൃദ,വാലൻകോണം ആറ്റിങ്ങൽ
6. നിസാ ബഷീർ, ________ മണിയൻവിള ബംഗ്ലാവ്,വക്കം
7. രാധാകൃഷ്ണൻ,S/O.പുരുഷോത്തമൻനായർ,(43 വയസ്സ്)സ്വാതിസുമ, കൊല്ലംപുഴ,കീഴാറ്റിങ്ങൽ

<u>തീരുമാനം: 3</u>

സംഘത്തിൻെറ നിലവിലുള്ള നിബന്ധനകളിൽ 9 (അംഗത്വം ഇല്ലാതാക്കുക) പിരിവ് 4-ൽ മാറ്റം സംഘാംഗങ്ങൾആവശ്യപ്പെട്ടു.

# MOTHER INDIA INTERNATIONAL RESIDENTIAL PUBLIC SCHOOL SOCIETY

ATTINGAL, THIRUVANANTHAPURAM, KERALA 695306
Ph.:(0470) 2620238. E-mail: motherindia930334@gmail.com
Website : www.miirps.edu.in


Reg. No.T/647

MIIRPS/2023-24/104

An extraordinary general meeting of Mother India International Residential Public School Society held on 11/02/2023 at 10:30 am Saturday at school auditorium presided by Sri. S Manikantan who is the permanent member of the society.

*Agenda*

1. Acceptance of resignation of governing body.
2. Formation of new governing body.

*List of attendance*

1. Mankantan.S
2. Mohamed Ali Hilal
3. S Chandrakumar
4. Sajith S
5. Sharafudeen
6. Rafi S
7. Harold A Gomez
8. Sudeep Kumar Babu Senan
9. Athul J S
10. Unni S Jith
11. Abdul Salam
12. Asokan R
13. Shajahan M
14. Preetha Manikandan
15. Abhirami Manikandan
16. Rajula Hilal
17. Leena Chandrakumar
18. Shainy Sajith
19. Reeja Rafi
20. Lekshmi Athul
21. Sheeba Sharafudeen
22. Sulekha Beevi Abdul Salam
23. Indhu Sudeep Kumar
24. Aalan Jenifer Gomez

International Residential Public School Mother India ★ Society
Reg. No: T 647/97
Date:............................

For Mother India International
Residential Public School Society T-647/1997

# MOTHER INDIA INTERNATIONAL RESIDENTIAL PUBLIC SCHOOL SOCIETY

ATTINGAL, THIRUVANANTHAPURAM, KERALA 695306
Ph.:(0470) 2620238. E-mail: motherindia930334@gmail.com
Website : www.miirps.edu.in

Reg. No.T/647

*Decision taken*

1) Following members of existing governing body submitted their resignation and same read and accepted by the general body unanimously.
   1. Hena Devarajan (President)
   2. P.Radhakrishnan
   3. Nisa Basheer
   4. Sabhitha Aseez

2) The existing governing body lost its quorum due to resignation of Hena Devarajan (President), Nisa Basheer, Sabitha Aseez and P.Radhakrishnan. Hence it is decided to elect seven permenent members to form a governing body. The decision was unanimous.

   The following are the elected permanent members to the governing body

   1. Mankantan.S
   2. Mohamed Ali Hilal
   3. S Chandrakumar
   4. Sajith S
   5. Sharafudeen
   6. Rafi S
   7. Harold A Gomez

3) Following office bearers were appointed by the governing body from the newly inducted seven members of the society.
   1. Manikantan.S (President)
   2. S Chandrakumar (Secretary)
   3. Mohamed Ali Hilal (Treasurer)
   4. Sajith S (Vice President)
   5. Sharafudeen (Joint Secretary)

Meeting was closed at 1 pm.

Mother India International Residential Public School Society
Reg. No: T 647/97
Date:..........................

For Mother India International
Residential Public School Society T-647/1997